# കേരള സർക്കാർ

## സംഗ്രഹം

കേരളത്തിലെ തൊഴിൽ രഹിതർക്കായി 'മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ' എന്ന പേരിൽ പുതിയ സ്വയം തൊഴിൽ സഹായ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ(പി) നമ്പർ 143/07/തൊഴിൽ തീയതി, തിരുവനന്തപുരം, 29/10/2007

---

പരാർശം:- എംപ്ലോയ്മെന്റ് ഡയറക്ടറുടെ 28/04/07, 06/08/07 എന്നീ തീയതികളിലെ യു.1/10777/2007/ഡിഇ നമ്പർ കത്ത്.

## ഉത്തരവ്

2007-08 വർഷത്തെ സംസ്ഥാനത്തെ ബജറ്റ് പ്രസംഗത്തിൽ വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് സ്വയം തൊഴിൽ ക്ലബ്ബുകളായി രൂപീകരിക്കുന്നതിനുള്ള ഒരു പുതിയ പരിപാടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആദ്യഗഡുവായി ഇതിന് ഒരു കോടി രൂപയും വകയിരുത്തിരുന്നു. അതനുസരിച്ച് 'മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ' എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി തയ്യാറാക്കി എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയതിന്റെയടിസ്ഥാനത്തിൽ ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന "കേരളത്തിലെ തൊഴിൽ രഹിതർക്കുള്ള വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും/ജോബ് ക്ലബ്ബുകളും" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പ് എംപ്ലോയ്മെന്റ് വകുപ്പിലെ ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ട് നടത്തേണ്ടതാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക 2230-02-101-92(പ്ലാൻ) എന്ന ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1,00,00,000/- (ഒരു കോടി രൂപ) യിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**

**സി.കെ.വിശ്വനാഥൻ**
**ഗവൺമെന്റ് സെക്രട്ടറി**

**<u>മേലെഴുത്തു നമ്പർ യു1/10777/2007ഡിഇ തീയതി 01/11/07</u>**

സർക്കാർ ഉത്തരവ് മേൽ നടപടികൾക്കായി അയയ്ക്കുന്നു.

സർക്കാർ ഉത്തരവു സ്റ്റാഫ് ക്ലാസ്സിൽ വായിച്ച് മിനുട്ട്സിൽ രേഖപ്പെടുത്തേണ്ടതും കൈപ്പറ്റു രസീതി അയച്ചുതരേണ്ടതാണ്.

(ഒപ്പ്)

**കെ.പി.ശിവദാസൻ**
**എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ**

# 29/10/2007-ലെ ജി.ഒ (പി) 143/07/തൊഴിൽ നമ്പർ ഉത്തരവിന്റെ അനുബന്ധം തൊഴിൽരഹിതർക്കുള്ള വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും തൊഴിൽ ക്ലബ്ബുകളും പദ്ധതി

## 1. ശീർഷകം-വ്യാപ്തി-ബാധകം

(എ) ഇത് കേരളത്തിലെ തൊഴിൽ രഹിതർക്കുവേണ്ടി നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും തൊഴിൽ ക്ലബ്ബുകളും (Multi Purpose Service Centres and Job Clubs) പദ്ധതി എന്നറിയപ്പെടുന്നതാണ്.

(ബി) ഈ പദ്ധതി കേരള സംസ്ഥാനത്തിന് മൊത്തം ബാധകമായിരിക്കും.

(സി) സംസ്ഥാന ഗവൺമെന്റ് ജി.ഒ (പി) നമ്പർ 143/07/തൊഴിൽ പ്രകാരം ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ച 29/10/2007 മുതൽ ഈ പദ്ധതിയ്ക്ക് പ്രാബല്യമുള്ളതാണ്.

## 2. അർഹത

താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന വ്യക്തിക്ക് അഥവാ വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം ജോബ്ക്ലബ്ബുകളിൽ അംഗമാകുകയും സഹായധനത്തിന് അപേക്ഷിക്കുകയും ചെയ്യാവുന്നതാണ്.

1. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളയാളായിരിക്കണം.
2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10%-ത്തിൽ കൂടാൻ പാടുള്ളതല്ല.
3. വാർഷിക കുടുംബ വരുമാനം 50000/- രൂപയിൽ കവിയുവാൻ പാടില്ല.

### കുറിപ്പ്

ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് കുടുംബ വരുമാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്.

4. പ്രായപരിധി 21-നും 40-നും മദ്ധ്യേയായിരിക്കണം. എന്നാൽ കേരളത്തിലെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്ന് വർഷവും പട്ടികജാതി/പട്ടിക വർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
5. ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോം നേഴ്സ്, ഹോം മെയിഡ്സ് എന്നീ ജോബ് ക്ലബ്ബുകൾ വനിതകൾക്ക് മാത്രമായിട്ടുള്ളവയായിരിക്കും.

6. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന നൽകുന്നതാണ്. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന പ്രവൃത്തികാര്യക്ഷമതാ സർട്ടിഫിക്കറ്റ് (അഥവാ തൊഴിൽ വൈദഗ്ദ്ധ്യ സർട്ടിഫിക്കറ്റ്) കരസ്ഥമാക്കിയിട്ടുള്ളവർക്കും സംസ്ഥാനത്തെ ഐ.റ്റി.ഐ/ഐ.റ്റി.സി, പോളിടെക്നിക്കുകൾ എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് എന്നിവിടങ്ങളിൽ നിന്നും തൊഴിൽ പരിചയം നേടിയവർക്കും മുൻഗണന നൽകുന്നതാണ്.

## കുറിപ്പ്

1. ഈ പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതല്ല.
2. ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ രജിസ്ട്രേഷൻ കാർഡ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്റ്ററിൽതന്നെ സൂക്ഷിക്കുന്നതാണെങ്കിലും അത്തരക്കാരെ താൽക്കാലിക ഒഴിവുകൾക്ക് പരിഗണിക്കുന്നതല്ല. എന്നാൽ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം ഒഴിവുകൾക്ക് അവർ ആഗ്രഹിക്കുന്നപക്ഷം അവരെ പരിഗണിക്കുന്നതും നിയമനം ലഭിക്കുകയാണെങ്കിൽ അവർക്ക് ജോബ് ക്ലബ്ബുകളിലെ അംഗത്വം നഷ്ടപ്പെടുന്നതും അവർ ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക ബാദ്ധ്യത പൂർണ്ണമായും അടച്ചു തീർക്കേണ്ടതുമാണ്.
3. **സേവനകേന്ദ്രങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കമ്മിറ്റിയും ജില്ലാ കമ്മിറ്റിയും**

   1. ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പയിലോ അതിനുള്ള ഈടിന്മേലോ സർക്കാർ ഇടപെടലുകൾ ഉണ്ടായിരിക്കുന്നതല്ല. പദ്ധതി നടത്തിപ്പ് സംസ്ഥാന ആസൂത്രണ ബോർഡ് ക്രമമായി വിലയിരുത്തുന്നതാണ്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗിനുവേണ്ടി ഒരു സംസ്ഥാനതല കമ്മിറ്റിയും ജില്ലകൾ തോറും ജില്ലാതല കമ്മിറ്റികളും രൂപീകരിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി രൂപീകൃതമാകുന്ന സംസ്ഥാനതല, ജില്ലാതല, കമ്മിറ്റികളുടെ ഘടന താഴെ കൊടുക്കുന്നു.

### സംസ്ഥാനതല കമ്മിറ്റി

| | | |
|---|---|---|
| പ്ലാനിംഗ് ബോർഡ് മെമ്പർ | - | ചെയർമാൻ |
| തൊഴിലും പുനരധിവാസവും വകുപ്പ് സെക്രട്ടറി | - | മെമ്പർ |

| | | |
|---|---|---|
| സംസ്ഥാന ലീഡ് ബാങ്ക് ജനറൽ മാനേജർ | - | മെമ്പർ |
| ധനകാര്യവകുപ്പിന്റെ പ്രതിനിധി | - | മെമ്പർ |
| എംപ്ലോയ്മെന്റ് ഡയറക്ടർ | - | കൺവീനർ |

**ജില്ലാതല കമ്മിറ്റി**

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - | ചെയർമാൻ |
| ജില്ലാ ലീഡ് ബാങ്ക് മാനേജർ | - | മെമ്പർ |
| വ്യവസായ പരിശീലന വകുപ്പിന്റെ പ്രതിനിധി | - | മെമ്പർ |
| ഡയറക്ടർ, ജനശിക്ഷൺ സൻസ്ഥാൻ/ റുഡ്സെറ്റ് | - | മെമ്പർ |
| ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ | - | കൺവീനർ |

2. ഈ പദ്ധതി നടപ്പിലാക്കുന്ന ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് അർഹമായ ധനകാര്യസ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുക എന്നതാണ് ജില്ലാ കമ്മിറ്റിയുടെ ചുമതല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ ഈ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നവ കമ്മിറ്റി തന്നെ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കുന്നു. അപേക്ഷകർ അനുയോജ്യരാണോ എന്നും സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പാക്കുവാൻ സാധ്യമാണോ എന്നുൾപ്പെടെയുള്ള കാര്യങ്ങൾ കമ്മിറ്റി പരിശോധിക്കുന്നതും ആവശ്യമെങ്കിൽ പ്രോജക്ടിൽ മാറ്റം വരുത്തുന്നതുമാണ്. അംഗങ്ങളുടെ സംരംഭകത്വശേഷി പ്രോജക്ടിന്റെ വിജയസാധ്യത, കൂടുതൽ ഫണ്ട് പ്രവർത്തന മൂലധനമായി നീക്കിവെച്ചിട്ടുണ്ടോ എന്നിവ കമ്മിറ്റി വിലയിരുത്തുന്നതും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമായിരിക്കും. സ്ഥലം വാങ്ങൽ, കെട്ടിടം നിർമ്മിക്കൽ, ചെലവേറിയ മെഷീനറി വാങ്ങൽ എന്നിവ നിരുത്സാഹപ്പെടുത്തുന്നതാണ് ഈ പദ്ധതിയെ സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതും ആവശ്യമായ ഭേദഗതി നിർദ്ദേശിക്കുന്നതുമാണ് സംസ്ഥാനതല കമ്മിറ്റിയുടെ ചുമതലകൾ ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

4. **മൊത്തത്തിലുള്ള നിയന്ത്രണം**

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കാലാകാലങ്ങളിൽ ഇതിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എംപ്ലോയ്മെന്റ് ഡയറക്ടർ നൽകുന്നതും ആവശ്യമായ റിപ്പോർട്ടുകളും വിവരണികളും ഏർപ്പെടുത്തുന്നതുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക സബ്സിഡി, പരിശീലനം, പദ്ധതി നടത്തിപ്പിനുള്ള ചിലവുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതും സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യുന്നതുമാണ്. ഇക്കാര്യത്തിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, സ്വയംതൊഴിൽ പദ്ധതിയുടെ ഉദ്യോഗസ്ഥർ എന്നിവർ അദ്ദേഹത്തെ സഹായിക്കുന്നതാണ്. 'ജോബ് ക്ലബ്ബുകളുടെ' ലോൺ

അക്കൗണ്ടിലേക്ക് ഡി.ഡി ആയി ബന്ധപ്പെട്ട സേവന കേന്ദ്രത്തിന്റെ ചുമതലയുള്ള എംപ്ലോയ്മെന്റ് വകുപ്പ് ഉദ്യോഗസ്ഥൻ മുഖേനയായിരിക്കും സബ്സിഡി നൽകുക.

5. **പദ്ധതി നടപ്പാക്കുന്ന വിധം**

പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ജില്ലയിലെ സെൽഫ് എംപ്ലോയ്മെന്റ് ഓഫീസറുടെ സഹായത്തോടെ ഏതാനും സേവന കേന്ദ്രങ്ങൾക്ക് രൂപം നൽകുന്നു. തുടർന്ന് യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരെ വിളിച്ചു വരുത്തി അതിനകം രൂപീകരിക്കപ്പെട്ട വകുപ്പുതല സേവന കേന്ദ്രങ്ങളുടെ കീഴിൽ ജോബ് ക്ലബ്ബുകൾ തുടങ്ങാനുള്ള അവരുടെ സമ്മതം ആരായുകയും സ്വയം തൊഴിൽ ചെയ്യാൻ അവർ പ്രാപ്തരാണോ എന്ന് പരിശോധിക്കുകയും ചെയ്യും. സാങ്കേതിക വൈദഗ്ദ്ധ്യം, അഭിരുചി, സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് അവർക്കുള്ള കഴിവ്, ബാങ്ക് നിബന്ധനകൾ പാലിക്കുവാൻ അവർക്കു കഴിയുമോ എന്നിങ്ങനെയുള്ള വസ്തുതകൾ പരിശോധിച്ച് ഒരേ യോഗ്യതയും താൽപര്യമുള്ളവരെ വിവിധ തൊഴിലുകൾ നിർവഹിക്കുവാൻ പര്യാപ്തമായ വിധത്തിൽ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് പാർട്ട്ണർഷിപ്പ് നിയമപ്രകാരം ജോബ് ക്ലബ്ബുകൾ രൂപവൽക്കരിക്കുന്നു. ഓരോ സേവന കേന്ദ്രത്തിനും ടെലഫോൺ സൗകര്യം ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യമുള്ള ഒരു ഓഫീസ് സ്ഥാപിക്കേണ്ടതാണ്. ഓരോ ജില്ലയിലും ഒരു വിവിധോദ്ദേശ സേവന കേന്ദ്രം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഒരു ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിലായിരിക്കും പ്രവർത്തിക്കുക. ഒന്നിലധികം സേവന കേന്ദ്രങ്ങൾ രൂപീകരിക്കുന്നപക്ഷം അവ ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് അനുബന്ധിച്ചുള്ളതാകാവുന്നതാണ്. അത്തരം സേവന കേന്ദ്രത്തിന്റെ മേൽനോട്ടം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർക്കായിരിക്കും. സേവന കേന്ദ്രങ്ങൾക്ക് ഓഫീസിനും അടിസ്ഥാന സൗകര്യങ്ങൾക്കും ഫോൺ സൗകര്യത്തിനുമുള്ള ഫണ്ട് പദ്ധതി വിഹിതത്തിന്റെ 5%-ത്തിൽ നിന്നും ആദ്യം ചിലവഴിക്കുന്നതാണ്. പിന്നീടുള്ള ആവർത്തന പ്രവർത്തന ചിലവ് വിവിധോദ്ദേശ സേവന കേന്ദ്രത്തിന്റെ കീഴിലുള്ള ജോബ് ക്ലബ്ബുകളിൽനിന്നും സമാഹരിക്കുന്നതായിരിക്കും. കൂടുതൽ ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതോടെ ആവശ്യാധിഷ്ഠിതമായ രീതിയിൽ താലൂക്ക് തലത്തിൽ വിവിധോദ്ദേശ സേവന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിന്റേയും വരവ് ചെലവ് കണക്കുകൾ ജില്ലാ കമ്മിറ്റി തീരുമാനിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റുമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്നതാണ്. അനുയോജ്യമായ പ്രോജക്ട് തയ്യാറാക്കി ബാങ്ക് ലോണും സബ്സിഡിയും അനുവദിച്ച് പ്രവർത്തിക്കാൻ ജോബ് ക്ലബ്ബുകൾക്ക് അവസരം നൽകുന്നതോടൊപ്പം ആവശ്യമെങ്കിൽ അവർ തെരഞ്ഞെടുക്കുന്ന മേഖലയിൽ തുടർ പരിശീലനം നൽകുന്നതാണ്.

6. **ഓരോ ക്ലബ്ബിന്റേയും ഘടന**

ഓരോ വകുപ്പുതല സേവന കേന്ദ്രത്തിന്റേയും കീഴിൽ ഉള്ള ഓരോ ജോബ് ക്ലബ്ബിലും തിരഞ്ഞെടുക്കുന്ന തൊഴിലനുസരിച്ച് 5 പേരിൽ കവിയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ജോബ് ക്ലബ്ബ് പാർട്ടണർഷിപ്പ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. ചെറുകിട വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുന്നതെങ്കിൽ ചെറുകിട വ്യവസായങ്ങൾക്കുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ രജിസ്ട്രേഷനുമുണ്ടായിരിക്കണം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമുള്ള പക്ഷം ആയതും നേടിയിരിക്കണം.

## 7. ഫണ്ട് (സാമ്പത്തിക വിശകലനം)

ഓരോ സേവനകേന്ദ്രത്തിന്റെയും കീഴിൽ ജോബ് ക്ലബ്ബുകൾ രൂപം കൊണ്ടു കഴിഞ്ഞാൽ അവരെ ബാങ്കുമായി 'ലിങ്കു' ചെയ്യേണ്ടതാണ്. ഒരു ജോബ് ക്ലബ്ബിന് പരമാവധി പത്ത് ലക്ഷം രൂപവരെയുമാണ് വായ്പയ്ക്ക് അർഹത.

എ) **സബ്സിഡി**:-ആകെ ഉൽപ്പാദന ചിലവിന്റെ 25% അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് ആ തുക ഓരോ ജോബ് ക്ലബ്ബിനും സബ്സിഡിയായി വകുപ്പ് അനുവദിക്കുന്നതാണ്. അതാതു ഗ്രൂപ്പിന്റെ അഥവാ ജോബ് ക്ലബ്ബിന്റെ ലോൺ അക്കൗണ്ടിലേക്ക് ഡി.ഡിയായാണ് സബ്സിഡി നൽകപ്പെടുക.

ബി)**ഗുണഭോക്തൃവിഹിതം**:-പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി ലോൺ തുകയുടെ 10% ഓരോ ജോബ് ക്ലബ്ബിലേയും അംഗങ്ങൾ തങ്ങളുടെ വിഹിതമായി ലോൺ അക്കൗണ്ടിൽ ആദ്യം തന്നെ നിക്ഷേപിക്കേണ്ടതാണ്.

**സി) പദ്ധതി ചെലവ്**:- ബഡ്ജറ്റിൽ പദ്ധതിക്കായി നീക്കിവെച്ച തുകയുടെ 5% ഗുണഭോക്താക്കൾക്കാവശ്യമായ പരിശീലനം, പദ്ധതി നടപ്പിലാക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പദ്ധതിയുടെ പ്രചരണം, പ്രിന്റിംഗ്, സ്റ്റേഷനറി, വകുപ്പുതല സേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭചെലവ് ജില്ലാ കമ്മിറ്റി കൂടുമ്പോഴുണ്ടാകുന്ന ചെലവ് എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്. ഒരു ഗുണഭോക്താവിന് പരമാവധി പരിശീലനത്തിനായി ആയിരം രൂപ വരെ ചെലവാക്കാവുന്നതാണ്. ചെലവ് അതിൽ കൂടുതലാകുകയാണെങ്കിൽ ആയത് ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

**ഡി) പ്രവർത്തന മൂലധനത്തിനു പ്രാധാന്യം**:- വൻതുക, കെട്ടിടം, സ്ഥലം, ഭാരിച്ച മെഷിനറികൾ തുടങ്ങിയവ വാങ്ങുന്നതിന് ഉപയുക്തമാക്കുന്ന പ്രോജക്ടുകളേക്കാൾ പ്രവർത്തന മൂലധനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നതാണ്. ഗുണഭോക്താക്കളുടെ പേരിലുള്ള സ്വന്തം സ്ഥലം, വാസഗൃഹം, ചെറിയ വാടകയ്ക്കെടുത്ത കെട്ടിടങ്ങളിലുള്ള പദ്ധതി എന്നിവയ്ക്കായിരിക്കും പ്രഥമ പരിഗണന.

**ഇ) വരവു ചെലവു കണക്കുകൾ**: വരവു ചെലവു കണക്കുകൾ ആഡിറ്റിന് വിധേയമായതിനാൽ കൃത്യമായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട സേവനകേന്ദ്രത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് ഈ കണക്കുകൾ എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതാണ്.

എഫ്) **വരുമാനം**: ഓരോ ജോബ് ക്ലബ്ബിന്റേയും വരുമാനത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട സേവനകേന്ദ്രത്തിന്റെ ടെലിഫോൺ ചാർജ് ഉൾപ്പെടെയുള്ള ചെലവുകൾക്കായി നൽകേണ്ടതാണ്. ബാങ്ക് വായ്പ തിരിച്ചടവ് കഴിഞ്ഞ് ബാക്കിവരുന്ന വരുമാന തുക അഥവാ അറ്റാദായം അംഗങ്ങൾ പാർട്ട്ണർഷിപ്പ് ഡീഡിലെ വ്യവസ്ഥകൾ അനുസരിച്ച് തുല്യമായി വീതിച്ചെടുക്കേണ്ടതാണ്.

## 8. ഓരോ ജില്ലയിലേയും സേവന കേന്ദ്രങ്ങളുടേയും ജോബ് ക്ലബ്ബുകളുടേയും മോണിറ്ററിംഗ്

ഓരോ ജില്ലയിലേയും സേവന കേന്ദ്രങ്ങളുടേയും അവയുടെ കീഴിലുള്ള ജോബ് ക്ലബ്ബുകളുടെയും മോണിറ്ററിംഗ് അതാതു ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ ഉത്തരവാദിത്വമാണ്. ഓരോ സേവനകേന്ദ്രം/ജോബ് ക്ലബ്ബിന്റെയും റൂട്ട് മാപ്പുൾപ്പെടെയുള്ള ഓരോ ഫയൽ ബന്ധപ്പെട്ട സേവനകേന്ദ്രവും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും സൂക്ഷിക്കേണ്ടതാണ്. ജോബ് ക്ലബ്ബുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ ജില്ലാ

ഓഫീസർ ശ്രദ്ധിക്കേണ്ടതും സമയാസമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പ്രോജക്ടിന്റെ വിജയസാദ്ധ്യതയും വരുമാനവും നിശ്ചിത സമയപരിധിക്കുള്ളിൽ വായ്പാ തിരിച്ചടവും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ബാങ്ക് വായ്പ തിരിച്ചടവിൽ വീഴ്ചവരുത്തുന്ന ക്ലബ്ബുകൾക്കെതിരെ റവന്യു റിക്കവറി ഉൾപ്പെടെ നിയമാനുസൃത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ധനകാര്യസ്ഥാപനങ്ങൾ അവകാശമുണ്ടായിരിക്കുന്നതാണ്. അതിന് എല്ലാവിധ സഹായസഹകരണങ്ങളും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ധനകാര്യസ്ഥാപനങ്ങൾക്കു ചെയ്തു കൊടുക്കേണ്ടതാണ്.

9. **<u>സംസ്ഥാനതല അവാർഡ്</u>**

ഓരോ ജില്ലയിലേയും ജോബ് ക്ലബ്ബുകളുടെ എണ്ണവും അവയുടെ പ്രവർത്തനവും വിലയിരുത്തി ഏറ്റവും നല്ല സേവന കേന്ദ്രത്തിനും ജോബ്ബ് ക്ലബ്ബിനും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും ഓരോ വർഷവും അവാർഡ് നൽകുന്ന ഒരു പദ്ധതിയ്ക്കും രൂപം നൽകുന്നതാണ്. ഇതിനുള്ള ചെലവും ഈ പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുത്തുന്നതാണ്.

10. **<u>പരിശീലനം</u>**

നാലു തരത്തിലുള്ള പരിശീലനം ജോബ് ക്ലബ്ബുകൾക്കു വേണ്ടി നൽകാവുന്നതാണ്.

1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാർക്കുവേണ്ടി സംരംഭകത്വ വികസന പരിശീലനം (ഇതിൽ കമ്മ്യൂണിക്കേഷൻ ലീഡർഷിപ്പ്, മോട്ടിവേഷൻ, ജോബ് ഡെവലപ്പ്മെന്റ് തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്)
2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രണ്ടു വർഷമെങ്കിലും സർവ്വീസ് ദൈർഘ്യം അവശേഷിക്കുന്ന സീനിയർ ഉദ്യോഗസ്ഥർക്കുവേണ്ടി ട്രെയിനേഴ്സ് ട്രെയിനിംഗ് (ഒന്നാമത്തെ ഇനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സംരംഭകത്വ വികസന പരിശീലനം ജോബ് ക്ലബ്ബിലെ അംഗങ്ങൾക്ക് നടത്തുന്നതിന്)
3) തിരഞ്ഞെടുത്ത ജോബ്ബ് ക്ലബ്ബ് അംഗങ്ങൾക്കുള്ള സംരംഭകത്വവികസന പരിശീലനം
4) തിരഞ്ഞെടുത്ത ജോബ് ക്ലബ്ബു അംഗങ്ങൾക്കുള്ള ഇൻസർവീസ് പ്രോഗ്രാം രണ്ടാമത്തെ പരിശീലന പരിപാടി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമെങ്കിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാൾ എന്റർപ്രൈസസ് ട്രെയിനിംഗ് ഹൈദരാബാദ്, എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യാ അഹമ്മദാബാദ് എന്നിവിടങ്ങളിൽ വെച്ച് നടത്താവുന്നതാണ്.

നാലാമത്തെ പരിശീലന പരിപാടി ജോബ് ക്ലബ്ബ് അംഗങ്ങൾക്കുവേണ്ടിയുള്ളതാകയാൽ അതിനാണു പരമപ്രാധാന്യം. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പരിശീലനമാണെങ്കിൽ സംസ്ഥാനത്തെ ഐ.റ്റി.ഐ.കൾ/ഐ.റ്റി.സികൾ, പോളിടെക്നിക്കുകൾ എന്നിവയുടെ സേവനം ഇതിനുവേണ്ടി ഉപയോഗിക്കാം. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ കാര്യത്തിൽ പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ് നൽകൽ പദ്ധതിയിലൂടെ ലഭിച്ച സർട്ടിഫിക്കറ്റുണ്ടെങ്കിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഐ.ടി.ഐകളുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഇവ കൂടാതെ സംസ്ഥാനത്തെ എല്ലാ ജനശിക്ഷൺ സൻസ്ഥാൻ, കണ്ണൂർ കണ്ണപുരത്തെ റുഡ്സെറ്റ് എന്നിവയുടെ സേവനമുപയോഗിക്കാവുന്നതാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത തൊഴിലുകളാണെങ്കിൽ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ, ഗവൺമെന്റിന്റെ കീഴിലുള്ള കുടുംബശ്രീ പോലുള്ള സ്ഥാപനങ്ങൾ എന്നിവയുടെ സേവനവും ഉപയോഗിക്കാവുന്നതാണ്. ഏതെങ്കിലും തൊഴിലുകൾക്ക് ഗവൺമെന്റംഗീകൃത

തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ലെങ്കിൽ സ്വകാര്യ മേഖലയുടെ സേവനവും ഉപയോഗിക്കാവുന്നതാണ്.

ഓരോ ജില്ലയിലും ജില്ലയുടെ പ്രത്യേകതയ്ക്ക് അനുസൃണമായി ഒന്നിലധികം വിവിധോദ്ദേശ സേവന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഓരോ സേവന കേന്ദ്രത്തിന്റെയും കീഴിലുള്ള ഓരോ ജോബ് ക്ലബ്ബും ഒരു പ്രത്യേക തൊഴിലിൽ/സേവനത്തിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്നതാണ്. വിവിധോദ്ധേശ സേവന കേന്ദ്രങ്ങളിൽ മോട്ടോർ മെക്കാനിക്കുകളുടെയും, ഇലക്ട്രോണിക്ക് മെക്കാനിക്കുകളുടെയും, ഇലക്ട്രീഷ്യൻമാരുടെയും, കാർപെന്റർമാരുടേയും, പ്ലംബർമാരുടെയും, പെയിന്റർമാരുടെയും, തെങ്ങുകയറ്റക്കാരുടെയും, വീട്ടുജോലിക്കാരുടെയും ഹോം നേഴ്സ്മാരുടെയും ജോബ് ക്ലബ്ബുകൾ മുതലായവ ഉൾപ്പെടുത്താവുന്നതാണ്.

11. **<u>നടപ്പാക്കുന്ന ധനകാര്യസ്ഥാപനങ്ങൾ</u>**

ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ, സിഡ്ബി എന്നിവ മുഖേന ഈ പദ്ധതിയിൽ കീഴിൽ വായ്പ ലഭ്യമാകുന്നതാണ്.

12. **<u>ജാമ്യവും വായ്പയുടെ തിരിച്ചടവും:-</u>** ധനകാര്യസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ജാമ്യം നൽകുവാനും വായ്പ തിരിച്ചടയ്ക്കുവാനും ജോബ് ക്ലബ്ബ് അംഗങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

13. **<u>അഞ്ചിൽ കൂടുതൽ ഗുണഭോക്താക്കളുള്ള ജോബ് ക്ലബ്ബുകൾ</u>**

ചില ജില്ലകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള ജോബ് ക്ലബ്ബുകൾ രൂപീകരിക്കുവാനും അനുമതി നൽകാവുന്നതാണ്. എന്നാൽ അവർക്കുള്ള പരമാവധി വായ്പാ തുക പത്തുലക്ഷം രൂപ തന്നെയായിരിക്കും.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

1. പദ്ധതി സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്.
2. ജോബ് ക്ലബ്ബുകളിൽ അംഗങ്ങളാകുന്നതോടെ അവരിലാരെങ്കിലും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നുണ്ടെങ്കിൽ അത് നിർത്തൽ ചെയ്യുന്നതാണ്.
3. ഒരു ജില്ലയിൽ എത്രയെങ്കിലും സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ എത്രയെങ്കിലും ജോബ്ക്ലബ്ബുകളും ആവശ്യാനുസരണം ആരംഭിക്കാവുന്നതാണ്.
4. പദ്ധതി പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്നതും എന്നാൽ പദ്ധതിയിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതുമായ പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, എംപ്ലോയ്മെന്റ് ഡയറക്ടർ അവ സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിനും നിർദ്ദേശത്തിനും സമർപ്പിക്കേണ്ടതുമാണ്.
5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതി വ്യവസ്ഥകളിലോ അവയുടെ വ്യാഖ്യാനം സംബന്ധിച്ചോ ആവശ്യമായ ഭേദഗതികളോ നിർദ്ദേശങ്ങളോ വിശദീകരണങ്ങളോ പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും. ഇവ ചോദ്യം ചെയ്യാൻ ഗുണഭോക്താവിന് അവകാശമുണ്ടായിരിക്കുന്നതല്ല.

# കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ തൊഴിൽ രഹിതർക്കായുള്ള "മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ" എന്ന സ്വയം തൊഴിൽ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും(എച്ച്)വകുപ്പ്

ജി.ഒ(പി)നമ്പർ 61/08/തൊഴിൽ തീയതി തിരുവനന്തപുരം, 19.04.2008

---

പരാമർശം:- 1. ജി.ഒ.(പി) നമ്പർ 143/07/ തൊഴിൽ, തീയതി 29/10/2007
2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 25.03.2008 തീയതിയിലെ യു1-10777/07/ഡിഇ നമ്പർ കത്ത്.

## ഉത്തരവ്

1. പരാമർശം ഒന്നിലെ ഉത്തരവിൻ പ്രകാരം കേരളത്തിലെ തൊഴിൽ രഹിതർക്കായി മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ എന്ന പേരിൽ പുതിയ സ്വയം തൊഴിൽ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സബ്സിഡി, പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഇവയിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ പരാമർശം രണ്ടിലെ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ എന്ന സ്വയം തൊഴിൽ പദ്ധതിയുടെ മെച്ചപ്പെട്ട നടത്തിപ്പിനുവേണ്ടി താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ, ഓരോ ജോബ് ക്ലബ്ബിന്റെയും ഘടന എന്ന ശീർഷകത്തിന താഴെ "ജോബ് ക്ലബ്ബ് പാർട്ണർഷിപ്പ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം" എന്നത് ഒഴിവാക്കി "ജോബ് ക്ലബ്ബിലെ അംഗങ്ങൾ തമ്മിൽ 50/- രൂപയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഒരു കരാർ ഉണ്ടാക്കേണ്ടതാണ്" എന്നു ഭേദഗതി ചെയ്യുന്നു.
2. ഉത്തരവിന്റെ അനുബന്ധത്തിൽ 7, ഫണ്ട് (സാമ്പത്തിക വിശകലനം) എന്ന ശീർഷകത്തിന് താഴെ (എ) പിരിവിൽ (സബ്സിഡി) ആകെ ഉൽപാദനച്ചെലവിന്റ 25% എന്നതിനുപകരം പദ്ധതിച്ചെലവിന്റെ 25% എന്നാക്കി ഭേദഗതി ചെയ്യുന്നു.

   പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതും ഭേദഗതികൾക്ക് ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**എൻ.സി.കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

**കേരള സർക്കാർ**

സംഗ്രഹം

കേരളത്തിലെ തൊഴിൽ രഹിതർക്കായുള്ള "മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ" എന്ന സ്വയം തൊഴിൽ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ (പി)നമ്പർ.101/08/തൊഴിൽ** **തീയതി, തിരുവനന്തപുരം, 24/07/2008**

================================================================================

പരാമർശം:

1. ജി.ഒ (പി)നമ്പർ 143/07/തൊഴിൽ തീയതി 29/10/2007
2. ജി.ഒ (പി)നമ്പർ 61/08/തൊഴിൽ തീയതി 19/04/2008.
3. 31/01/08 തീയതിയിലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ യു.1/55/2008/ഡി.ഇ നമ്പർ കത്ത്.
4. 26/05/08 ലെ മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്സ് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ രണ്ടാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്.
5. 10/06/08 ൽ ബഹു: നിയമ സ്പോർട്സ് യുവജന ക്ഷേമ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

1) പരാമർശം ഒന്നിലെ ഉത്തരവിൻ പ്രകാരം കേരളത്തിലെ തൊഴിൽ രഹിതർക്കായി മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബുകൾ എന്ന പേരിൽ പുതിയ സ്വയം തൊഴിൽ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സബ്സിഡി, പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഇവയിൽ ഭേദഗതി വരുത്തി പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) പരാമർശം നാല് പ്രകാരം പദ്ധതിയുടെ നടത്തിപ്പിൽ വളരെയധികം സഹകരണം നൽകിവരുന്ന ഷെഡ്യൂൾഡ് കൊമേർസ്യൽ ബാങ്കുകളെക്കൂടി പദ്ധതിയുമായി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനമെടുത്തിരുന്നു.

3) സംസ്ഥാന യുവജന ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ പഞ്ചായത്തുകളിലും യുവശക്തി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. എംപ്ലോയ്മെന്റ് ഡയറക്ടറുടെ മേൽ നോട്ടത്തിൽ നടത്തിവരുന്ന മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് കബ്ബ് പദ്ധതി നടത്തിപിന് യുവജനക്ഷേമ ബോർഡിന്റെ

തീരുമാനമെടുക്കുകയുണ്ടായി. അതിന്റെ ആദ്യപടിയായി സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയെ ജോബ് ക്ലബ്ബ് പദ്ധതി അവലോകനത്തിനുള്ള സംസ്ഥാന കമ്മിറ്റിയിലും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറെ ജില്ലാതല കമ്മിറ്റിയിലും ഉൾപ്പെടുത്താൻ തീരുമാനിച്ചു.

4) മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ 11-ാം ഖണ്ഡികയിൽ പദ്ധതി നടപ്പാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ എന്നതിൽ 'ഷെഡ്യൂൾഡ് ബാങ്കുകൾ' കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നു.

ii. ഉത്തരവിന്റെ അനുബന്ധത്തിൽ 3-ാം ഖണ്ഡികയിൽ സേവന കേന്ദ്രങ്ങൾക്കു വേണ്ടിയുള്ള സംസ്ഥാനതല കമ്മിറ്റിയും, ജില്ലാ കമ്മിറ്റിയും എന്ന ശീർഷകത്തിൻ കീഴിൽ പരാമർശിച്ചിട്ടുള്ള ജോബ് ക്ലബ്ബ് പദ്ധതി അവലോകനത്തിനുള്ള "സംസ്ഥാനതല കമ്മിറ്റിയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയെയും ജില്ലാതല കമ്മിറ്റിയിൽ ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറെയും കൂടി" ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**എൻ.സി.കുമാർ**
**ജോയിന്റ് സെക്രട്ടറി**

**മേലെഴുത്ത് നമ്പർ യു.1/30804/08/ഡി.ഇ തീയതി 29/07/08**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ തൊഴിൽരഹിതർക്കായുള്ള 'മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബുകൾ' എന്ന പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

**സ.ഉ(പി)നം.171/2016/തൊഴിൽ** **തിരുവനന്തപുരം, തീയതി,27/10/2016**

==========================================================================

പരാമർശം : 1) സ.ഉ(പി) നം.143/2007/തൊഴിൽ തീയതി 29/10/2007.

2) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 22/3/16 -ലെ യു1-6/16/ഡി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്നിലെ ഉത്തരവിൻപ്രകാരം 'കേരളത്തിലെ തൊഴിൽരഹിതർക്കുവേണ്ടി നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും തൊഴിൽ ക്ലബ്ബുകളും(Multipurpose Service Centres & Job Clubs) എന്ന ഒരു പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുന്നതിലേക്കായി ചില നിർദ്ദേശങ്ങൾ പരാമർശം രണ്ടിലെ കത്ത് മുഖാന്തിരം എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി താഴെ പറയുന്ന ഭേദഗതികളോടുകൂടി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം (1,00,000/-) രൂപയാക്കി ഉയർത്തുന്നു.

2) പരാമർശ ഉത്തരവിലെ അനുബന്ധത്തിലെ ചട്ടം(2) "അർഹത" എന്ന ശീർഷകത്തിലെ ഇനം (6) ൽ "പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, ബിരുദധാരികളായ വനിതകൾക്കും, തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന വനിതകൾക്കും മുൻഗണന നൽകുന്നതാണ്" എന്ന വിവരം കൂടി ഉൾപ്പെടുത്തുന്നു.

പരാമർശ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ടോംജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

**<u>മേലെഴുത്ത് നമ്പർ യു1/6/2016/ഡി.ഇ തീയതി 3.11.2016</u>**

**എല്ലാ സബ് ഓഫീസുകൾക്കും അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി അയയ്ക്കുന്നു.**

(ഒപ്പ്)

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ തൊഴിൽ രഹിതർക്കായുള്ള 'മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബുകൾ' എന്ന പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ(അച്ചടി)/78/2017/തൊഴിൽ — തിരുവനന്തപുരം, 2017 ആഗസ്റ്റ് 1

---

പരാമർശം 1) സ.ഉ (പി.) നമ്പർ 143/2007/തൊഴിൽ തീയതി 29/10/2007
2) സ.ഉ (പി.) നമ്പർ 171/2016/തൊഴിൽ തീയതി 27/10/2016
3) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 23-02-2017 തീയതിയിലെ യു1/17699/2016/ഡി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

(1) പരാമർശം ഒന്നിലെ ഉത്തരവിൻപ്രകാരം കേരളത്തിലെ തൊഴിൽരഹിതർക്കുവേണ്ടി നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും തൊഴിൽ ക്ലബ്ബുകളും (മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്സ്) എന്ന ഒരു പദ്ധതി അംഗീകരിച്ച്. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിലെ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും ബിരുദധാരികളായ വനിതകൾക്കും തൊഴിൽരഹിതവേതനം കൈപ്പറ്റുന്ന വനിതകൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകികൊണ്ടും പ്രസ്തുത പദ്ധതിയിൽ ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം രണ്ടു പ്രകാരം ഉത്തരവായിരുന്നു.

(2) പ്രസ്തുത പദ്ധതി കുടുതൽ ജനോപകാരപ്രദമാക്കുന്നതിന് പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 50 വയസ്സായി ഉയർത്തണമെന്നും കൂടാതെ ഒരേ റേഷൻ കാർഡിലെ അംഗങ്ങൾക്ക് ജോബ് ക്ലബ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം മൂന്നിലെ കത്ത് മുഖാന്തിരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒന്നാം പരാമർശ ഉത്തരവിലെ അനുബന്ധത്തിലെ ചട്ടം (2) "അർഹത" എന്ന ശീർഷകത്തിലെ ഇനം (4)-ൽ "പ്രായപരിധി പൊതുവിഭാഗത്തിൽ 21-നും 45-നും മദ്ധ്യേയായിരിക്കണം. എന്നാൽ കേരളത്തിലെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്ന് വർഷവും (48 വയസ്സ്) പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അഞ്ച് വർഷവും (50 വയസ്സ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്". എന്നാക്കി മാറ്റിക്കൊണ്ട് ടി പദ്ധതി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പരാമർശ ഉത്തരവുകളിലെ മറ്റു വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**ടോം ജോസ്**